പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4619 22-03-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.വി.പി. സജീന്ദ്രൻ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി കടാശ്വാസ പദ്ധതി</u>**

| | | |
|---|---|---|
| (എ) | ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്ക് കടാശ്വാസ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കുവേണ്ടി ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി 20/08/2016 ലെ സ.ഉ(അ). 118/2016/ധന നം. ഉത്തരവായി കടാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി സർക്കാർ ഒറ്റത്തവണയായി നടപ്പാക്കിയ കടാശ്വാസ പദ്ധതിയാണിത്. മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചശേഷവും വായ്പാകടിശ്ശികമാത്രം കൈമുതലായുള്ള സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ആശ്വാസമേകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ കടാശ്വാസ പദ്ധതി.<br><br>അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകൾ എഴുതിത്തള്ളുന്നു .ഇതിന്പുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി |

| | | |
|---|---|---|
| | | നേരിടുന്ന സാധാരണക്കാർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതു വരെയുള്ള കടിശിക തുക പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുന:ക്രമീകരിച്ചും നൽകുന്നു .<br><br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്. |
| (സി) | എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്ന് അറിയിക്കാമോ; | പ്രസ്തുത പദ്ധതി പ്രകാരം 1028 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഏതൊക്കെ വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടാത്തത്; വിശദവിവരം ലഭ്യമാക്കുമോ? | പദ്ധതി മാർഗ്ഗരേഖ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നില്ല.<br>• സ്വർണ്ണ ഈടിന്മേലുള്ള വായ്പകൾ<br>• സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ<br>• വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ<br>• അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ<br>• ഉത്തരവ് തീയതിയിൽ കടബാധ്യത നിലവിലില്ലാത്ത വായ്പകൾ |

അക്കൗണ്ട്സ് ഓഫീസർ